മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) എത്ര ഓവർബ്രിഡ്ജുകൾ പണിയേണ്ടതായിവരുമെന്ന് കണക്കാക്കിയിട്ടില്ല.

(ബി) 1979-80 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ റെയിൽവേ സുരക്ഷിതത്വ പണികൾ എന്ന ഇനത്തിൽ കൊടുത്തിട്ടുള്ള 48 പണികളിൽ 25 ഓവർബ്രിഡ്ജുകൾ ഉൾപ്പെടുന്നുണ്ട്. അവയ്ക്ക് ഓരോ തുക വകകൊള്ളിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 25 ഓവർബ്രിഡ്ജുകളിൽ ചിലവ ഉൾപ്പടെ പതിനഞ്ചെണ്ണത്തിന് മുൻഗണന നൽകാൻ സതേൺ റെയിൽവേ ജനറൽമാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ബാക്കി സ്ഥലങ്ങളിൽ പണിയുന്നതിനും നിർദ്ദേശങ്ങൾ ഉണ്ട്.

(ഡി) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംസ്ഥാന ഗവൺമെൻറും റെയിൽവേയും ഒത്തൊരുമിച്ചാണ് നടത്തുന്നത്. ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള എല്ലാ ചെലവും, പാലത്തിൻറെയും അപ്രോച്ചു റോഡിൻറെയും 50 ശതമാനം ചെലവും സംസ്ഥാന ഗവൺമെൻറാണ് വഹിക്കുന്നത്. പാലത്തിൻറെയും അപ്രോച്ചു റോഡിൻറെയും ചെലവിൽ ബാക്കി 50 ശതമാനം റെയിൽവേ വഹിക്കുന്നതാണ്.

(ഇ) അപ്രകാരമാണ് ചെയ്തുവരുന്നത്.

(എഫ്) ഇല്ല.

വ്യവസായ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗങ്ങളിലെ നിയമനം

*687 [745] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരെ വ്യവസായ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ അയക്കുന്നതിനു പകരം മാനേജ്മെൻറിൽ സാമർത്ഥ്യമുള്ളവരുടെ ഒരു കേഡർ രൂപീകരിച്ച് അതിൽനിന്നും നിയമനം നടത്തുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്ന് നിലവിൽ വരുമെന്ന് പറയാമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഒരു ഇൻഡസ്ട്രിയൽ മാനേജ്മെൻറ് കേഡർ രൂപീകരിക്കുന്നതിനു ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) അതിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly